"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-സമാശ്വാസ തൊഴിൽദാന പദ്ധതി -കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് വിഭാഗം സാനിറ്റേഷൻ വർക്കർ-മരണപ്പെട്ട ശ്രീ.ത്രിവിക്രമൻ.വി.എസ് -ന്റെ മകൾ കുമാരി.സിത്താര വിക്രം-എൽ.ഡി ക്ലർക്ക് /ബിൽ കളക്ടർ തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.170/2024/LSGD തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. കുമാരി. സിത്താര വിക്രം സമർപ്പിച്ച 27.04.2023 തീയതിയിലെ ആശ്രിത നിയമന അപേക്ഷ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.10.2023 തീയതിയിലെ LSGD/PD/47685/2023-DEF1 നമ്പർ കത്ത്.
4. എറണാകുളം ജില്ലാ കളക്ടറുടെ 12.10.2024 തീയതിയിലെ E5- 776170/2024 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് വിഭാഗം 4-ാം സർക്കിളിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 25.06.2021 തീയതിയിൽ മരണപ്പെട്ട ശ്രീ.ത്രിവിക്രമൻ. വി.എസ് -ന്റെ മകൾ കുമാരി. സിത്താര വിക്രം (കണിയാത്ത് ഹൗസ്, കൊച്ചി താലൂക്ക്, ഞാറയ്ക്കൽ പി.ഒ എറണാകുളം 682505) പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.ത്രിവിക്രമൻ .വി.എസ് -ന്റെ സേവനകാലം 16 വർഷവും 09 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി 03.02.1964 സർവീസിൽ പ്രവേശിച്ച തീയതി 18.06.2005 എന്നിങ്ങനെയാണ്. പ്രിൻസിപ്പൽ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും യഥാക്രമം പരാമർശം (3), (4) എന്നിവ പ്രകാരം അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. കുമാരി. സിത്താര വിക്രം എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചിട്ടുള്ളതും ടിയാളുടെ ജനന തിയതി 27.10.1991 എന്നതുമാണ്. ടിയാളുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (27.04.2023) സമർപ്പിച്ചിട്ടുണ്ട്. മരണപ്പെട്ട വി.എസ്.ത്രിവിക്രമന് ആശ്രിതരായിട്ട് മകൾ കുമാരി സിത്താര വിക്രം മാത്രമേ ഉള്ളൂ. ഈ ജോലിക്കായി മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് എറണാകുളം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 6,00,00 /-ആണെന്ന് (അറുപതിനായിരം രൂപ മാത്രം) ചേരാനല്ലൂർ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കുമാരി. സിത്താര വിക്രം, എറണാകുളം ജില്ലയിൽ എൽ.ഡി ക്ലർക്ക് /ബിൽ കളക്ടർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട് .

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ ഹെൽത്ത് വിഭാഗം 4-ാം സർക്കിളിൽ

സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 25.06.2021 തീയതിയിൽ മരണപ്പെട്ട ശ്രീ.ത്രിവിക്രമൻ .വി.എസ് -ന്റെ മകൾ കുമാരി. സിത്താര വിക്രം-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക് /ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം.
ജില്ലാ കളക്ടർ എറണാകുളം
സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ എറണാകുളം
കുമാരി. സിത്താര വിക്രം ,കണിയാത്ത് ഹൗസ്, കൊച്ചി താലൂക്ക്, ഞാറയ്ക്കൽ പി.ഒ എറണാകുളം പിൻ -682505
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ (ആഡിറ്റ്) കേരള, തൃശ്ശൂർ.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-12-2024 14:21:23
സെക്ഷൻ ഓഫീസർ